

THURSDAY 17/07/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/07/2025

1. ചുണ്ട് കൃഷിയിലേക്ക് കർഷകരെയും ബിസിനസ് സംരംഭകരെയും ആകർഷിക്കുവാൻ ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള നടപ്പിലാക്കുന്ന "സമഗ്ര ചുണ്ട് ഗ്രാമം പദ്ധതി" രണ്ടാംഘട്ടത്തിലേക്ക് കടക്കുകയാണ്. സംസ്ഥാനത്തെ 50 നിയോജകമണ്ഡലങ്ങളിൽ തെരെഞ്ഞെടുക്കപ്പെട്ട കാർഷിക ബ്ലോക്കുകളിലാണ് രണ്ടാംഘട്ടത്തിൽ ചുണ്ട് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു സംരക്ഷിത ആഹാരം എന്ന നിലയിൽ, പോഷക സുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിൽ ചുണ്ടിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പ്രത്യേക പദ്ധതിയാണിത്. 20 നിയോജകമണ്ഡലത്തിൽപ്പെട്ട ഓരോ കാർഷിക ബ്ലോക്കുകളിലാണ് ചുണ്ട് ഗ്രാമം ആദ്യഘട്ട പദ്ധതിക്ക് കഴിഞ്ഞവർഷം തുടക്കമിട്ടത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കർഷകർക്ക് കൃഷിഭവനുകളിൽ നിന്നും ലഭ്യമാകും

2. റബ്ബർതോട്ടങ്ങളിലെ തേനീച്ചക്കോളനികളുടെ വളർച്ചാകാലപരിചരണ ങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തുന്ന തേനീച്ചവളർത്തൽ കോഴ്സിലെ പരിശീലകനായ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബിജു ജോസഫ് ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481-2576622

3. പുന്നപ്ര, നെടുമുടി, കൈനകരി, ചമ്പക്കുളം കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിതച്ച് 25 ദിവസം വരെയായ പാടശേഖരങ്ങളിൽ കരിഞ്ചാഴി (Black bug) എന്ന കീടത്തിന്റെ സാന്നിധ്യം കണ്ടു വരുന്നതായി സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം അറിയിച്ചു. നീരൂറ്റിക്കുടിക്കുന്ന ഈ കീടബാധയുണ്ടായാൽ ഇലകൾ മുറിഞ്ഞു പോവുകയോ നടുനാമ്പ് വാടിപ്പോവുകയോ ചെയ്യും. ആക്രമണം കൂടുതലാകുന്ന സാഹചര്യത്തിൽ ചെടികളിൽ വളർച്ച മുരടിപ്പ്, മഞ്ഞളിപ്പ്, നടുനാമ്പു വാട്ടം എന്നീ ലക്ഷണങ്ങൾ ഉണ്ടാകാം.

നിയന്ത്രണ മാർഗ്ഗങ്ങൾ

ചുവടുമുങ്ങും വിധം വെള്ളം കയറ്റിയിടുക - ഇതു വഴി കരിഞ്ചാഴി ചെടിയുടെ മുകളിലേക്ക് കയറുകയും ചാഴികളെ പക്ഷികളും മറ്റും ആഹാരമാക്കുകയും ചെയ്യും. ചുവട്ടിലെ ഇലകളിൽ ഇട്ടിട്ടുള്ള മുട്ടക്കൂട്ടങ്ങൾ 6 മണിക്കൂർ വെള്ളത്തിൽ മുങ്ങിക്കിടന്നാൽ നശിച്ചു പോകും. തറവണ്ടുകൾ, ആമവണ്ടുകൾ എന്നിവ മുട്ടക്കൂട്ടങ്ങളെ തിന്നു നശിപ്പിക്കും. കീടങ്ങളേയും ലക്ഷണങ്ങളും കണ്ടു തുടങ്ങിയാൽ സാങ്കേതിക ഉപദേശം അനുസരിച്ച് കീടനാശിനി പ്രയോഗം നടത്താം. ജൈവ കീടനാശിനിയായ അസാഡിറക്ടിൻ 1500 ppm ഏക്കറിന് ഒരു ലിറ്റർ എന്ന തോതിൽ തളിക്കാം. മെറ്റാറൈസിയം, ബെവേറിയ, മിത്രനിമാവിരകൾ എന്നിവയും പ്രയോഗിക്കാം. തരി രൂപത്തിലുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കീടനാശിനികൾ രാസവളങ്ങളോടൊപ്പം ചേർത്ത് പ്രയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് കർഷകർ ചുവടെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

നെടുമുടി – 8547865338

പുന്നപ്ര – 9074306585

കൈനകരി – 9961392082

ചമ്പക്കുളം – 9567819958

**പരിശീലന പരിപാടി**

4. ഐ സി എ ആർ കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ ഡ്രിപ് ഇറിഗേഷൻ സിസ്റ്റം പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഡ്രിപ് ഇറിഗേഷൻ സിസ്റ്റം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 26 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9400288040 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ് സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ജൂലൈ മാസം 28 ന് രാവിലെ 9.30 മണിക്ക് നടത്തുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് ആയിരിക്കും പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജൂലൈ 21 മുതൽ 26 വരെയുള്ള അഞ്ച് ദിവസങ്ങളിലായി " ശാസ്ത്രീയ പശു പരിപാലനം " എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 ജൂലൈ 18-ന് വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മലയാള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 ആഗസ്റ്റ് 11, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 ആഗസ്റ്റ് 10, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

7. ഐ സി എ ആർ കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ തേനീച്ച കൃഷിയുടെ ദീർഘകാല പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് തേനീച്ച പരിപാലനം എന്ന വിഷയത്തിൽ ദീർഘകാല പരിശീലനകോഴ്സ് ആരംഭിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9446911451 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ് സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . പ്രാരംഭ ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 1 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 06.08.2025,

07.08.2025 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് സുരക്ഷിതമായ പാലുൽപാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിൻറെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 02.08.2025ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

**കാർഷിക നിർദേശം**

9. നെല്ല് - ബ്ലാസ്റ്റ് രോഗം

നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി. ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയാലിൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സ്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.

10. കുരുമുളക് - ദ്രുതവാട്ടം

കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി 2 കിലോ ട്രൈക്കോഡെർമ 90 കിലോ ചാണക പൊടിയും 10 കിലോ വേപ്പിൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേയ്ക്ക് വയ്ക്കുക. ഓരോ കുരുമുളക് ചെടിയുടെ ചുവട്ടിലും ഈ മിശ്രിതം 2.5 കിലോ വീതം ഇട്ടു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം